**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.174 — 26-02-2018 ൽ മറുപടിയ്ക്ക്

**മാവേലിക്കര ഫയർ ഫോഴ്സ് യൂണിറ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ആർ.രാജേഷ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മാവേലിക്കര ഫയർ ഫോഴ്സ് യൂണിറ്റിന് ആധുനിക സൗകര്യങ്ങളോടു കൂടിയ വാഹനങ്ങളും ഹൈഡ്രോളിക് ഉപകരണങ്ങളും അനുവദിക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കുമോ; | എ) | 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ മാവേലിക്കര അഗ്നിരക്ഷാ നിലയത്തിന് ആധുനിക സൗകര്യങ്ങളോടു കൂടിയ വാഹനങ്ങളും ഹൈഡ്രോളിക് ഉപകരണങ്ങളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഫയർഫോഴ്സ് സംവിധാനത്തിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫയർഫോഴ്സ് സംവിധാനത്തിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1)** കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നിലയം, ആലപ്പുഴ ജില്ലയിൽ അരൂർ നിലയം, കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് എന്നിവ ആരംഭിച്ചു. ആയതിന്റെയും ഫയർ & റെസ്ക്യൂ സർവ്വീസ്സസ് അക്കാദമി നവീകരണത്തിന്റെയും ഭാഗമായി വിവിധ തലത്തിലുള്ള ആഫീസർ തസ്തികകൾ ഉൾപ്പെടെ 78 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>**2)** ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വാളന്റിയർ സർവ്വീസ്, ആപതാമിത്ര എന്നീ പദ്ധതികൾ ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.<br>**3)** 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ നവീകരണത്തിനായി 40 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും അനുവദിക്കുകയുണ്ടായി. |

**4)** 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സമഗ്രമായ നവീകരണത്തിനായി 70 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**5)** അഗ്നിശമന സേനാംഗങ്ങൾക്ക് 2006 നുശേഷം ലഭ്യമാകാതിരുന്ന യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുന്നതിനായി 10 കോടി രൂപ വാർഷിക പദ്ധതി ഇതരയിനത്തിൽ അനുവദിക്കുകയുണ്ടായി.

**6)** വിവിധ വിഭാഗത്തിൽപ്പെട്ട 16 ഓളം അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും, കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 18 ഓളം അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വിവിധ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

**7)** പി.എസ്.സി. മുഖേന, സ്റ്റേഷൻ ആഫീസർ, ഫയർമാൻ, ഫയർമാൻ ഡ്രൈവർ എന്നീ തസ്തികകളിൽ നിലവിൽ ഉണ്ടായിരുന്ന യഥാക്രമം 8, 240, 145 എണ്ണം ഒഴിവുകൾ നികത്തിയിട്ടുണ്ട്.

**8)** കേരള ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വകുപ്പിൽ വനിതാപ്രാതിനിധ്യം ഉറപ്പാക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**9)** വകുപ്പിൽ ഇ-ഗവേൺസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾക്ക് എൻ.ഒ.സി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം, ആഫീസ് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ഐ-ആപ്പ് സംവിധാനം, വീഡിയോ കോൺഫറൻസ് സംവിധാനം എന്നിവയ്ക്കായി ഫണ്ട് അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

**10)** വകുപ്പിൽ സ്തുത്യർഹ സേവനത്തിന് 20 പേർക്ക് പോലീസ് സേനയിലെപ്പോലെ ബാഡ്ജ് ഓഫ് ഓണർ നൽകുന്നതിന് നടപടി സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ